**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - 2017-18 - ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 566 /2018/തസ്വഭവ തിരുവനന്തപുരം, തീയതി. 27.02.2018.

വായന:- 1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/12/2017 ലെ LM/FN/FUND/ 01/2017 നം.കത്ത്

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ15/12/2017 ലെ LM/FN/FUND/ 2/2017 നം.കത്ത്

**<u>ഉത്തരവ്</u>**

2018 മാർച്ചിനു മുൻപ് ലൈഫ് മിഷന്റെ കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്കും DPR തയ്യാറാക്കുന്നതിന് കൺസൾട്ടന്റിന് നൽകേണ്ട തുകയും നൽകുന്നതിനായി ആദ്യ ഘട്ടമായി 1920 ലക്ഷം രൂപ അനുവദിക്കണമെന്ന് ലൈഫ് മിഷൻ.സി.ഇ.ഒ വായന(1) മുഖേന ആവശ്യപ്പെട്ടിരുന്നു. ബഹു.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 22/11/2017 ന് കൂടിയ രണ്ടാം ഉപസമിതി യോഗത്തിൽ ഭവനം ഫൗണ്ടേഷൻ അടിമാലിയിൽ നിർമ്മിച്ച ഭവന സമുച്ചയങ്ങൾക്ക് സ്ഥലത്തിന്റെ വില, നിർമ്മാണച്ചെലവ് എന്നിവ ലൈഫ് മിഷനിൽ നിന്നും ഈടാക്കിയശേഷം ലൈഫ് മിഷന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആയതിലേക്കുള്ള മതിപ്പ ചെലവായി 25 കോടിരൂപയും അഡ്മിനിസ്ട്രേറ്റീവ് ചെലവിനത്തിൽ 5 കോടിരൂപയും ചെലവ് പ്രതീക്ഷിക്കുന്നുവെന്നും ആയതിനാൽ ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്ക് നേരത്തേ ആവശ്യപ്പെട്ടിട്ടുള്ള 19.2 കോടിരൂപയും മേൽസൂചിപ്പിച്ച തുകയും ഉൾപ്പെടെ ആകെ 49.2 കോടിരൂപ അടിയന്തിരമായി അനുവദിക്കണമെന്ന് ലൈഫ് മിഷൻ സി.ഇ.ഒ വായന(2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷന്റെ ഭരണച്ചെലവുകൾക്കും ഭവന സമുച്ചയങ്ങൾക്കുമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക '2217-05-051-99-LIFE Parpida Mission-(PV)' എന്ന അക്കൗണ്ട് ഹെഡിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (vide Dev-2/138/2017-Fin (E- 558046) തീയതി 12.02.2018.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ